**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **22-01-2021 - ല്‍ മറുപടിയ്ക്ക്**

**വനാശ്രയവിഭാഗങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബല്‍റാം | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വനാശ്രയവിഭാഗങ്ങളുടെ ഉന്നമനത്തിനായി വനസംരക്ഷണസമിതി വഹിക്കുന്ന പങ്കെന്താണ്; അതിലൂടെ അവരുടെ ജീവിതനിലവാരം ഉയര്‍ത്തുവാന്‍ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (എ) | വനാശ്രയ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വനസംരക്ഷണ സമിതികള്‍ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചു വരുന്നത്. വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികള്‍ / ഇക്കോ ഡെവലപ്പ്മെന്‍റ് കമ്മിറ്റികള്‍ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവര്‍ത്തനങ്ങള്‍ നടപ്പാക്കുന്നു. വനത്തിന്‍റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തല്‍, നിയമാനുസൃതവും നീതിപൂര്‍വ്വവുമായി വനവിഭവങ്ങള്‍ വിനിയോഗിക്കല്‍, വനസംരക്ഷണം മുതലായവ വനസംരക്ഷണ സമിതികളില്‍ നിക്ഷിപ്തമാണ്. ജൈവവൈവിധ്യ സംരക്ഷണം, തദ്ദേശവാസികളായ വനാശ്രിതരുടെ ജീവനോപാധി വര്‍ധനവ് മുതലായവ സാദ്ധ്യമാക്കുന്നതിനും വനസംരക്ഷണ സമിതികള്‍ മുഖ്യപങ്ക് വഹിക്കുന്നു. കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീന്‍ ഇന്ത്യ മിഷന്‍ (GIM) പദ്ധതിയിന്‍ കീഴില്‍ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം, നഗര പ്രദേശങ്ങളില്‍ വനാവരണം വര്‍ദ്ധിപ്പിക്കല്‍ എന്നീ പ്രവര്‍ത്തനങ്ങള്‍ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്‍റ് കമ്മിറ്റി മുഖാന്തിരം നടത്തി വരുന്നു. ഇതിലൂടെ സമിതിയിലെ അംഗങ്ങള്‍ക്ക് തൊഴില്‍ ലഭ്യമാക്കുന്നു. കൂടാതെ ടി പദ്ധതിയില്‍ വനാശ്രിത സമൂഹത്തിന് പാരമ്പേര്യതര ഊര്‍ജ്ജ സ്രോതസ്സുകളുടെ (എല്‍.പി.ജി, ബയോഗ്യാസ്) വിതരണം നടത്തുന്നത് വഴി വനശോഷണം കുറയ്ക്കുവാനും കഴിയുന്നു. കേന്ദ്ര സര്‍ക്കാര്‍ ഏജന്‍സിയായ TRIFED-ന്‍റെയും സംസ്ഥാന സര്‍ക്കാരിന്‍റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങള്‍ക്ക് താങ്ങുവില നല്‍കുന്ന MSP for MFP പദ്ധതി പ്രകാരം വനാശ്രിത സമൂഹം വനങ്ങളില്‍ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങള്‍ക്ക് താങ്ങുവില |

| | | | |
|---|---|---|---|
| | | | നൽകി ന്യായമായ വില സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടിയും കൂടാതെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്. ആയത് ടി സമിതികൾ വഴി നടപ്പാക്കുകയും ചെയ്യുന്നു.<br>ചെറുകിട വനവിഭവങ്ങൾ / തടിയേതര വനവിഭവങ്ങൾ മുതലായവയുടെ ശേഖരണം/ സംസ്കരണം/ വിപണനം (വനശ്രീ-ഇക്കോ ഷോപ്പുകൾ മുഖേന) എന്നിവയിലൂടെയും, ഇക്കോ ടൂറിസത്തിലൂടെയും വനസംരക്ഷണ സമിതികളിൽ അംഗങ്ങളായുള്ള വനാശ്രിത സമൂഹത്തിന് സാമ്പത്തികമായ സുരക്ഷിതത്വം ലഭിക്കുന്നുണ്ട്. ആയതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ